**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൂടരഞ്ഞി ബഡ്സ് സ്കൂൾ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങളിൽ വ്യക്തത വരുത്താത്തതിനാൽ കോഴിക്കോട് ജില്ലയിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇതു സംബന്ധിച്ച് ജിയോളജി വകുപ്പിൽ നിന്നും വിശദീകരണം ലഭിക്കാത്തതിനാൽ എ3/220/2022/ വ്യവസായം നമ്പർ ഫയലിൽ തീരുമാനം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഖനന ബാധിത പ്രദേശങ്ങളുടെ ഉന്നമനത്തിനായുള്ള പ്രൊപ്പോസലുകൾ ഡിഎംഎഫ് ചട്ടം 11(2) പ്രകാരം ബന്ധപ്പെട്ട ഗ്രാമസഭകൾ / വാർഡ് കമ്മിറ്റി അംഗീകരിച്ച് അത് ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെയാണ് ലഭ്യമാക്കേണ്ടത്. കൂടരഞ്ഞി ബഡ്സ് സ്കൂളിന് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചത് പ്രസ്തുത വ്യവസ്ഥകൾ പാലിച്ചല്ലാത്തതിനാൽ ആയതു ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് തന്നെ ക്രമവൽക്കരിച്ച് അംഗീകാരം നൽകി സർക്കാരിൽ സമർപ്പിക്കുന്നതിനായി ട്രസ്റ്റിന്റെ ഗവേണിംഗ് കൗൺസിൽ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ ജിയോളജിസ്റ്റിന് മൈനിംഗ് & ജിയോളജി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (സി) | എങ്കിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിനുള്ള ഫണ്ട് ലഭിക്കുന്നതിന് പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഖനന ബാധിത പ്രദേശങ്ങളുടെ ഉന്നമനത്തിനായുള്ള പ്രൊപ്പോസലുകൾ ഡിഎംഎഫ് ചട്ടം 11(2) പ്രകാരം ബന്ധപ്പെട്ട ഗ്രാമസഭകൾ / വാർഡ് കമ്മിറ്റി അംഗീകരിച്ച് അത് ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെയാണ് ലഭ്യമാക്കേണ്ടത്. കൂടരഞ്ഞി ബഡ്സ് സ്കൂളിന് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചത് പ്രസ്തുത വ്യവസ്ഥകൾ പാലിച്ചല്ലാത്തതിനാൽ ആയതു ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് തന്നെ ക്രമവൽക്കരിച്ച് അംഗീകാരം നൽകി സർക്കാരിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനായി ട്രസ്റ്റിന്റെ ഗവേണിംഗ് കൗൺസിൽ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ ജിയോളജിസ്റ്റിന് മൈനിംഗ് & ജിയോളജി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ